പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 4

# 2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാരനിയന്ത്രണവും അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. റ്റി. വി. രാജേഷ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

580/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 4

# 2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാരനിയന്ത്രണവും അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. റ്റി. വി. രാജേഷ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

## കേരള സംസ്ഥാനത്ത് വിൽക്കുന്ന പഴങ്ങളിലേയും പച്ചക്കറിയിലേയും കീടനാശിനികളുടെ അമിത സാന്നിധ്യം കാരണം ഉണ്ടാകുന്ന ഗുരുതര രോഗങ്ങളും ജനിതക വൈകല്യങ്ങളും തടയുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടിയുള്ള

## ഒരു

## ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് വിറ്റഴിക്കുന്ന പഴങ്ങളിലേയും പച്ചക്കറിയിലേയും കീടനാശിനികളുടെ അമിത സാന്നിധ്യം ഗുരുതര രോഗങ്ങളും ജനിതക വൈകല്യങ്ങളും ഉണ്ടാകുന്നതിന് കാരണമാകുന്നതിനാൽ ഇത് തടയുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്ടിന് 2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാരനിയന്ത്രണവും അതോറിറ്റി രൂപീകരണ ആക്ട് എന്ന് പേര് പറയാം.

(2) ഇതിന് സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'അതോറിറ്റി' എന്നാൽ മൂന്നാം വകുപ്പ് പ്രകാരം രൂപീകരിച്ച കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാരനിയന്ത്രണവും അതോറിറ്റി എന്നർത്ഥമാകുന്നു;

580/2016.

(ബി) 'ചെയർമാൻ' എന്നാൽ അതോറിറ്റിയുടെ ചെയർമാൻ എന്നർത്ഥമാകുന്നു;

(സി) 'സേവന-വേതന വ്യവസ്ഥകൾ' എന്നാൽ സർക്കാരോ കോടതിയോ ഉത്തരവ് പ്രകാരം നിർദ്ദേശിക്കുന്ന ശമ്പളവും സേവന-വേതന വ്യവസ്ഥകളും എന്നർത്ഥമാകുന്നു.

3. പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാരനിയന്ത്രണവും അതോറിറ്റിയുടെ രൂപീകരണം.—(1) സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാരനിയന്ത്രണവും അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ഒരു കാർഷിക വിദഗ്ദ്ധൻ, അദ്ദേഹം അതോറിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ii) രണ്ട് ആരോഗ്യ വിദഗ്ദ്ധർ;

(iii) ഒരു പൊതുപ്രവർത്തകൻ;

(iv) രണ്ട് വ്യാപാരി പ്രതിനിധികൾ;

(v) ഒരു ഉപഭോക്തൃസംരക്ഷണ പ്രവർത്തകൻ;

(vi) ഫുഡ് സേഫ്റ്റി കമ്മീഷണർ, കേരളം ;

(vii) ആരോഗ്യം, ഉപഭോക്തൃസംരക്ഷണം, നിയമം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ.

(3) അതോറിറ്റിയിലുള്ള ഉദ്യോഗസ്ഥരെ ജീവനക്കാരുടെ ബാഹുല്യമുള്ളതും ജോലിഭാരം കുറഞ്ഞതുമായ സേവന മേഖലയിൽനിന്നും പുനർവിന്യസിക്കാവുന്നതാണ്.

4. അതോറിറ്റിയുടെ അധികാരങ്ങൾ.—(1) സംസ്ഥാനത്തേക്ക് വരുന്ന പഴം, പച്ചക്കറി ഇവയിലെ രാസവസ്തുക്കളുടെ അളവ് സംബന്ധിച്ച് പരിധി നിർണ്ണയിക്കുക.

(2) അനുവദനീയമായ രീതിയിൽ കൂടുതൽ അളവിൽ കീടനാശിനികൾ അടങ്ങിയ ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നത് നിരോധിക്കുക.

(3) പഴം, പച്ചക്കറി വിപണനത്തിന് ലൈസൻസ് നൽകുക.

(4) പഴം, പച്ചക്കറി എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.

5. ശിക്ഷകൾ.—ഈ ആക്ടിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെ വ്യവസ്ഥകളുടെ ലംഘനത്തിന് അയ്യായിരം രൂപവരെയാകാവുന്ന പിഴ ശിക്ഷയ്ക്കുള്ള വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്.

6. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ നിയമപ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പഴം, പച്ചക്കറി ഇവയിലെ കീടനാശിനികളുടെ സാന്നിധ്യം ഗുരുതര രോഗങ്ങളും ജനിതക രോഗങ്ങളും ഉണ്ടാകുന്നത് തടയുന്നതിന് ഉദ്ദേശിച്ചാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ലൈസൻസ് ഫീസ് പിരിക്കുന്നതിനാൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും ചെലവ് വരുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ഗസറ്റ് വിജ്ഞാപനംമൂലം സർക്കാർ നിശ്ചയിക്കുന്ന രീതിയിൽ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ബില്ലിലെ 1-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

2. ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 6-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

 റ്റി. വി. രാജേഷ്, എം. എൽ. എ.